# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

ചോദ്യം നമ്പർ :*393 — 20-03-2018 ൽ മറുപടിയ്ക്ക്

## നെൽകൃഷി ആദായകരമാക്കാൻ നടപടി

**ചോദ്യം**

ശ്രീമതി യു. പ്രതിഭ ഹരി

ശ്രീ.മുരളി പെരുനെല്ലി

,, ജോൺ ഫെർണാണ്ടസ്

,, ഐ.ബി. സതീഷ്

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ

(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നിലവിൽ നെൽകൃഷി നഷ്ടത്തിലായിരിക്കുന്നതിന്റെ പ്രധാന കാരണങ്ങൾ അവലോകനം ചെയ്തിരുന്നോ; വിശദാംശം നൽകാമോ; | (എ) | നെൽകൃഷി നഷ്ടത്തിലല്ല. നെൽകൃഷി ആകർഷകമല്ലാത്തതിന്റെ പ്രധാന കാരണങ്ങൾ വർദ്ധിച്ച കൂലിച്ചെലവ്, പ്രാഗൽഭ്യമുള്ള തൊഴിലാളികളുടെ ലഭ്യതക്കുറവ്, ഉല്പാദനോപാധികളുടെ വർദ്ധിച്ച വിലയും ലഭ്യതക്കുറവും, യന്ത്രോപകരണങ്ങൾ യഥാസമയം ലഭ്യമാകാത്തത്, അടിസ്ഥാന സൗകര്യ പ്രശ്നങ്ങൾ തുടങ്ങിയവയാണ്. കൃഷി വകുപ്പ് നടപ്പാക്കിവരുന്ന വിവിധ പദ്ധതികളുടെയും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതികളുടെയും ഏകോപനത്തിലൂടെ തന്നെ ഈ പ്രശ്നങ്ങൾ ഒരു പരിധി വരെ പരിഹരിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയുമായി നെൽകൃഷിയെ ബന്ധിപ്പിക്കുന്നതിൽ മിക്ക ഗ്രാമ പഞ്ചായത്തുകളും ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. കൂലിച്ചെലവ് സബ്സിഡിയായി 10000 രൂപ മുതൽ 13000 രൂപ വരെ നൽകുന്നുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികളിലൂടെ വിത്ത്, ഉഴവ് കൂലിയിലും സബ്സിഡി നൽകി വരുന്നുണ്ട്. പാടശേഖരാടിസ്ഥാനത്തിൽ ഉല്പാദനോപാധികളുടെ ലഭ്യത ഉറപ്പാക്കുന്നതിനു നടപടികളെടുത്തിട്ടുണ്ട്. അഗ്രോ സർവ്വീസ് സെന്റർ, കാർഷിക കർമ സേന എന്നിവയുടെ സേവനം പരമാവധി ഉപയോഗപ്പെടുത്തിയിരിക്കുന്നു. ശാസ്ത്രീയമായ മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിൽ കമ്മായവസ്തുക്കളുടെ ഉപയോഗവും വളപ്രയോഗവും അനുവർത്തിക്കാൻ കർഷകരെ ബോധവൽകരിച്ച് വരുന്നു. വിള ആരോഗ്യ പരിപാലന പദ്ധതിയുടെ ഭാഗമായി വിളകളെ ബാധിക്കുന്ന കീടരോഗ ബാധ, സസ്യ |

| | | | |
|---|---|---|---|
| | | | പോഷണ മൂലകങ്ങളുടെ ഏറ്റക്കുറച്ചിലുകൾ എന്നിവ ഫീൽഡ് തല നിരീക്ഷണത്തിലൂടെ കണ്ടെത്തി സസ്യ സംരക്ഷണ പ്രവർത്തനങ്ങൾ ശാസ്ത്രീയമായി നടപ്പാക്കി വരുന്നു. ഈ ഉദ്ദേശലക്ഷ്യത്തോടെ 152 ബ്ലോക്കുകളിലായി 152 പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിനായി സമഗ്ര നെൽകൃഷി വികസന പദ്ധതി, ആർ.കെ.വി.വൈ., ആർ.ഐ.ഡി.എഫ്., തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ എന്നിവയിലൂടെ പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഉയർന്ന ഉല്പാദനച്ചെലവ് കുറയ്ക്കുന്നതിനും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും സീസണുകൾക്കനുസൃതമായി സബ്സിഡി നൽകുന്നതിനും അത് ആകർഷകമായ നിരക്കിലേയ്ക്ക് ഉയർത്തുന്നതിനും നടപടിയുണ്ടാകുമോ; | (ബി) | ഉല്പാദനച്ചെലവ് കുറയ്ക്കുന്നതിനും, സമയ ബന്ധിതമായി ആകർഷകമായ നിരക്കിൽ സബ്സിഡി നൽകുന്നതിനും സമഗ്ര നെൽകൃഷി വികസന പദ്ധതി പ്രകാരം വ്യവസ്ഥ ഉണ്ട്. ഉല്പാദനോപാധികൾ കൃത്യമായും സമയബന്ധിതമായി ഉപയോഗിക്കുകയും, കീടരോഗബാധ ഉണ്ടാകാതെയിരിക്കുകയും ചെയ്യുകയും കാലാവസ്ഥ അനുകൂലമായിരിക്കുകയും ചെയ്താൽ ഉല്പാദനക്ഷമത വർദ്ധിക്കുന്നതാണ്. |
| (സി) | ലേബർ ബാങ്ക് രൂപീകരിച്ച് വിദഗ്ധ തൊഴിലാളികളുടെ സേവനലഭ്യത ഉറപ്പു വരുത്തുന്നതിനും യന്ത്രവൽക്കരണത്തിനു വേണ്ട ഉയർന്ന മുതൽ മുടക്ക് വ്യക്തികൾക്ക് പ്രയാസമുണ്ടാക്കുന്നതായതിനാൽ ആവശ്യത്തിന് കാർഷിക യന്ത്രങ്ങൾ കൃഷിഭവനുകൾ മുഖേന വാങ്ങി ന്യായ വാടകയ്ക്ക് നൽകാനും ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (സി) | വിദഗ്ധ തൊഴിലാളികളുടെ സേവനലഭ്യത ഉറപ്പ് വരുത്തുന്നതിനും യന്ത്രവൽക്കരണത്തിനും വേണ്ടിയാണ് അഗ്രൊസർവ്വീസ് സെന്ററുകളും 200 പഞ്ചായത്തുകളിൽ കാർഷിക കർമ്മ സേനയും രൂപീകരിച്ചിട്ടുള്ളത്. അതിൽ 100 കർമ്മസേനകൾക്ക് യന്ത്രോപകരണങ്ങൾ നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കിയ പദ്ധതികളിൽ ഉൾപ്പെടുത്തി വാങ്ങിയ യന്ത്രോപകരണങ്ങൾ വാടകയ്ക്ക് നൽകുകയോ കർഷക സമിതികൾക്ക് നൽകുകയോ ചെയ്തിട്ടുണ്ട്. കാർഷിക കർമ്മസേനകൾ, അഗ്രോസർവ്വീസ് സെന്ററുകൾ എന്നിവ മുഖേന യന്ത്രങ്ങൾ വാടകയ്ക്ക് ലഭ്യമാക്കുന്നതാണ് കൂടുതൽ പ്രായോഗികം എന്ന് ബോധ്യമായിട്ടുണ്ട്. അഗ്രോസർവ്വീസ് സെന്ററുകളുടെ ഏകോപനത്തിനായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ